# INDIAN SCHOOL DARSAIT
## PAPER PEN TEST –EVALUATION II
## MARCH 2017
## MALAYALAM(II^nd Lang.)

Grade: V ___ Max. Marks : 25
Date: 05.03.17 Time: 1 Hour

*General Instructions:*
*i. All the Questions are compulsory.*
*ii. Answer all questions in a separate paper.*

I.തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (1 x4=4)

പ്രകൃതിയിൽ നിന്നും വിവിധ രീതികളിൽ ഭക്ഷണം കണ്ടെത്തിയാണ് ഭൂമിയിലെ ജീവികളെല്ലാം ജീവിക്കുന്നത്.എന്നാൽ മനുഷ്യർ വ്യത്യസ്തമായ ഒരു രീതിയാണ് ഭക്ഷണകാര്യത്തിൽ പിൻതുടരുന്നത്.പ്രകൃതിയിലെ വസ്തുക്കൾ അതേപടി ഉപയോഗിക്കുന്നതിനു പകരം അവയെ മാറ്റിമറിച്ചും പല രീതിയിൽ കൂട്ടിച്ചേർത്തും നാം ആഹാരത്തെ വ്യത്യാസപ്പെടുത്തുന്നു. പ്രാചീന മനുഷ്യർ കാടുകളിലായിരുന്നു താമസിച്ചിരുന്നത്. കാട്ടിൽനിന്നു ലഭിക്കുന്ന കായ്കനികളായിരുന്നു നമ്മുടെപൂർവ്വികരുടെ പ്രധാന ആഹാരം.കൂട്ടത്തിൽ മൃഗങ്ങളെ വേട്ടയാടുകയും ചെയ്തിരുന്നു.യാദൃശ്ചികമാവാം തീയിൽ വെന്ത ഭക്ഷണത്തിനു രുചി കൂടുതലാണെന്ന് അവർ കണ്ടെത്തി.ഒരു പുതിയ കലയുടെ ആരംഭമായിരുന്നു അത്.പാചകം എന്ന കല.

1. ഭൂമിയിലെ ജീവികൾ ജീവിക്കുന്നതെങ്ങനെ ?
2. പ്രാചീന മനുഷ്യർ താമസിച്ചിരുന്നതെവിടെ ?
3. നമ്മുടെ പൂർവ്വികരുടെ പ്രധാന ആഹാരമെന്തായിരുന്നു ?
4. പ്രാചീന മനുഷ്യർ ആരംഭിച്ച കല ഏത് ?

II. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:- (½x4=2)

1.1933-ൽ ജർമനിയുടെ അധികാരം ഏറ്റെടുത്തതാരായിരുന്നു ?
(മുസ്സോളിനി,സ്റ്റാലിൻ,ഹിറ്റ്ലർ)

2. രമണൻ എന്ന കാവ്യം എഴുതിയതാര് ?
(വൈലോപ്പിള്ളി,ചങ്ങമ്പുഴ കൃഷ്ണപിള്ള,കുമാരനാശാൻ)

3. കൂശ്മാണ്ഡം എന്ന വാക്കിൻെറ അർഥം ഏത് ?
(കുമ്പളങ്ങ,പാവയ്ക്ക, വെള്ളരി)

4. ഏതു രാജാവിനെയായിരുന്നു വിഷം തീണ്ടിയത് ?
(കൊച്ചി രാജാവിനെ, കോലത്തിരിയെ, സാമൂതിരിയെ )

III. അർഥം എഴുതുക:- (½x2=1)

1. മാടത്ത 2. വിവർത്തനം

IV. രണ്ടു പര്യായപദം എഴുതുക:- (1 x1=1)

1.വെയിൽ

V. വിപരീതപദം എഴുതുക:- (½ x2=1)

1. ധനികൻ 2.അപരാധി

VI.പിരിച്ചെഴുതുക:- (½ x2=1)

1. മരമെല്ലാം 2. തിങ്ങിക്കൂടി

VII. അർഥവ്യത്യാസം എഴുതുക :- (½x2=1)

1.മാടം - മേടം

VIII.വാക്യത്തിൽ പ്രയോഗിക്കുക:- (1x1=1)

1. പ്രസിദ്ധനായ

IX. പദ്യം പൂരിപ്പിക്കുക (നാല് വരി).:- (½ x4=2)

മലയപ്പുലയനാ ----------------- പൊടിച്ചു വന്നു.

X. നാനാർഥം എഴുതുക:- (½x2=1)

1.മാനം

XI.ഉത്തരമെഴുതുക:- (2x2=4)

1.ആൻഫ്രാങ്കിനെ ലോകം ആദരിക്കുന്നത് എങ്ങനെയൊക്കെയാണ് ?

2. വിഷവൈദ്യം പഠിക്കണമെന്ന ആഗ്രഹവുമായെത്തിയ കൊച്ചുരാമന് വൈദ്യരുടെ ശിഷ്യർ നൽകിയ ഉപദേശം എന്തായിരുന്നു ?

XII. ശരിയായ കാലരൂപം ചേർത്ത് പൂരിപ്പിക്കുക:- (½ x2=1)

1.സീത ഇന്നലെ ഒരു സിനിമ ----------- (കാണുക)

2.ഈ വരുന്ന അവധിക്കാലത്ത് ഞാൻ കേരളത്തിൽ --------------- (പോവുക) .

XIII. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് അഞ്ചു വാക്യങ്ങളിൽ കുറയാതെ ഒരു ഖണ്ഡിക എഴുതുക:- (5x1=5)

1.വിദ്യാധനം സർവ്വധനാൽ പ്രധാനം

അല്ലെങ്കിൽ

2.പ്രകൃതിസംരക്ഷണം